**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2289** **09-02-2023 - ൽ മറുപടിയ്ക്ക്**

**കെട്ടിട നികുതിയിൽ വരുത്തിയ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെട്ടിട നികുതി എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഓരോ തവണയും ഉണ്ടായ വർദ്ധനവിന്റെ നിരക്കും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വസ്തു നികുതി പിരിച്ചു വരുന്നുണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം കെട്ടിട നികുതി പിരിക്കുന്നത് റവന്യൂ വകുപ്പാണ്. 2016 മെയ് മാസം അധികാരത്തിൽ വന്ന കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ ഗ്രാമ പഞ്ചായത്തുകളുലെയും നഗരസഭകളിലെയും വസ്തു നികുതി വർദ്ധിപ്പിച്ചിട്ടില്ല. |
| (ബി) | ഈ കാലയളവിൽ കെട്ടിടനികുതി വർദ്ധനവിന്റെ അടിസ്ഥാനത്തിൽ എത്ര രൂപ അധിക വരുമാനമായി സമാഹരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും വസ്തു നികുതി പിരിച്ചു വരുന്നുണ്ട്. 1975-ലെ കേരള കെട്ടിട നികുതി നിയമ പ്രകാരം കെട്ടിട നികുതി പിരിക്കുന്നത് റവന്യൂ വകുപ്പാണ്. 2016 മെയ് മാസം അധികാരത്തിൽ വന്ന കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതു വരെ ഗ്രാമ പഞ്ചായത്തുകളുലെയും നഗരസഭകളിലെയും വസ്തു നികുതി വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) | 2500 സ്ക്വയർ ഫീറ്റിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) | കെട്ടിടങ്ങളുടെ വസ്തുനികുതി ഇനത്തിലുള്ള തുക അതത് ഗ്രാമ പഞ്ചായത്തുകളിലേക്കും നഗരസഭകളിലേക്കുമാണ് പിരിച്ചെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ